/729178/2024

"ഭരണഭാഷ – മാതൃഭാഷ"

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം ,തൈക്കാട്
തിരുവനന്തപുരം-14

Email: director.ims@kerala.gov.in Phone: 0471-2323960 Website: www.ims.kerala.gov.in

ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ഐ എം എസ് വകുപ്പ് : ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലെ നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 ആയിരുന്ന ശ്രീമതി.റിജ.പി.ജെ യ്ക്ക് (നിലവിൽ ആലപ്പുഴ ഇ എസ് ഐ ആശുപത്രിയിൽ) എതിരായഅച്ചടക്ക നടപടി-.ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞു ശിക്ഷ നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 25.11.2022 തീയതിയിലെ മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ജി2-3516/2022 അന്വേഷണ റിപ്പോർട്ട്.
2. 13.02.2023 തീയതിയിലെ വകുപ്പ് മേധാവിയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്.
3. 13/04/2023തീയതിയിലെ ഇതേ നമ്പർ കുറ്റപത്രം.
4. ശ്രീമതി.റിജ.പി.ജെ യുടെ പ്രതിവാദ പത്രിക ,തീയതി 20/05/2023.
5. 03/07/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ് .
6. അന്വേഷണ റിപ്പോർട്ട്,തീയതി:16/11/2023
7. കാരണം കാണിക്കൽ നോട്ടീസ് ,തീയതി: 14/12/2023.
8. ശ്രീമതി റീജയുടെ മറുപടി,തീയതി:04/01/2024.

**ഉത്തരവ് നമ്പർ:D3-961/2023/DIMS/തീയതി: 15-03-2024**

ഒളരിക്കര ഇ എസ് ഐ ആശുപത്രിയിലെ ഡോക്ടർമാരും ജീവനക്കാരും അഴിമതിക്കാരാണെന്ന പരാതി സർക്കാർ മുഖാന്തിരം ലഭിച്ചതിനെത്തുടർന്ന് മധ്യമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.ടി ഇ എസ് ഐ ആശുപത്രിയിലെ ജീവനക്കാരെ സംബന്ധിച്ച് നിരന്തരം പരാതി ലഭിച്ചതിനെത്തുടർന്ന് വകുപ്പ് മേധാവി ടി സ്ഥാപനം സന്ദർശിക്കുകയുണ്ടായി . ഒളരിക്കര ഇ എസ് ഐ ആശുപത്രിയിലെ നേഴ്സിങ് ഓഫീസർ ഗ്രേഡ് I ശ്രീമതി റീജ പി ജെ ,ടി ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ തടസപ്പെടുത്തുന്ന രീതിയിലും,പൊതു താൽപ്പര്യത്തിന് എതിരായ രീതിയിലും ,കോവിഡ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പ്രവർത്തിക്കുന്നതായി വകുപ്പ് മേധാവി ടി സ്ഥാപനം സന്ദർശിച്ച നടത്തിയ പരിശോധനയിൽ പ്രഥമ ദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ ടി ജീവനക്കാരിയ്ക്കെതിരേ അച്ചടക്ക നടപടികൾ ആരംഭിക്കുകയും സൂചന (3) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തിയാണ് ശ്രീമതി.റിജക്ക് കുറ്റപത്രം നല്കുകയുണ്ടായത്:-

1. ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർമാർ, കാഷ്വാൽറ്റി ഡ്യൂട്ടി സമയം നൽകുന്ന അടിയന്തിര സ്വഭാവമുള്ള നിർദ്ദേശങ്ങളും, ഡ്യൂട്ടി സമയങ്ങളിൽ നൽകുന്ന മറ്റ് നിർദ്ദേശങ്ങളും പാലിക്കുന്നില്ല. മേൽ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് രോഗികളായ പരിരക്ഷിത വ്യക്തികളുടെയും,

അവരുടെ കുടുംബ അംഗങ്ങളുടെയും താല്പര്യത്തിന് വിരുദ്ധമായതിനാൽ പൊതു താല്പര്യത്തിനെതിരായി പ്രവർത്തിച്ചിരിക്കുന്നു.

2. നൈറ്റ് ഡ്യൂട്ടി സമയം രോഗികൾക്ക് വിളിപ്പാടകലെ സേവന സന്നദ്ധയായി നേഴ്സിംഗ് സ്റ്റേഷനിൽ ഉണ്ടായിരിക്കേണ്ടതിന് പകരം ,രോഗികൾ പ്രാണരക്ഷാർത്ഥം വിളിച്ചാൽ പോലും കേൾക്കാത്ത ദൂരത്തിലുള്ള നേഴ്സിംഗ് സൂപ്രണ്ടിന്റെ റൂമിലും, ലേബർ റൂമിലും, നേഴ്സിംഗ് ഓഫീസർമാരുടെ യൂണിഫോം മാറുന്ന മുറിയിലും സ്ഥിരമായി ഉറങ്ങുക വഴി ഗുരുതര അച്ചടക്കലംഘനം നടത്തിയിരിക്കുന്നു.

3. ഡ്യൂട്ടിയിൽ പ്രവേശിച്ച് ഹാജർ പുസ്തകത്തിൽ ഒപ്പിട്ടതിന് ശേഷം അനുവാദമില്ലാതെ സ്ഥാപനത്തിന് പുറത്തേയ്ക്കും , സ്വന്തം താമസസ്ഥലത്തേയ്ക്കും പോവുക വഴി ഗുരുതര അച്ചടക്കലംഘനം നടത്തിയിരിക്കുന്നു.

4. കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായി സർക്കാർ നിർദ്ദേശാനുസരണം പേഷ്യന്റ് രജിസ്ട്രേഷൻ കൗണ്ടറിൽ കോവിഡ് രോഗം വ്യാപിക്കാതിരിക്കാൻ സ്ഥാപിച്ചിരുന്ന ട്രാൻസ്പേരന്റ് പ്ലാസ്റ്റിക് ഷീറ്റിൽ സ്ഥാപന മേധാവിയുടെ അനുവാദമില്ലാതെ കീറൽ വരുത്തുകയും മാറ്റം വരുത്തുകയും ചെയ്യുകയുണ്ടായി. മേൽ പ്രവർത്തികൾ കോവിഡ് പ്രോട്ടോക്കോൾ നിർദ്ദേശങ്ങൾക്ക് വിരുദ്ധവും, സ്ഥാപനമേധാവിയെ അനുസരിക്കാതിരിക്കലും, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായതും ആയതിനാൽ ഗുരുതര അച്ചടക്കലംഘനങ്ങൾ നടത്തിയിരിക്കുന്നു.

5.ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയ്ക്കെതിരേയും, സ്ഥാപനത്തിലെ ജീവനക്കാർക്കെതിരേയും വ്യാജ പേരിൽ നിരന്തരം ഊമക്കത്തുകൾ അയക്കുകയുണ്ടായി.ആയതിനാൽ,സ്ഥാപനത്തിനെതിരേയും,ജീവനക്കാർക്കെതിരെയും തദ്വാരാ സർക്കാരിനെതിരേയും ഗൂഢാലോചന നടത്തുകയും, പ്രവർത്തിക്കുകയും ചെയ്യുക വഴി ഗുരുതര അച്ചടക്കലംഘനം നടത്തിയിരിക്കുന്നു.

6. IP is VIP എന്ന ഇ.എസ്.ഐയുടെ പ്രഖ്യാപിത നയത്തിനനുസരണം ജോലി ചെയ്യാനും,പെരുമാറാനും ബാദ്ധ്യസ്ഥയെങ്കിലും അതിന് വിരുദ്ധമായ രീതിയിൽ താഴെപ്പറയുന്ന പ്രവർത്തികൾ നിരന്തരം നടത്തിയിരിക്കുന്നു. ജീവനക്കാരുടെ ദൗർലഭ്യം ഉള്ള സമയം കിടത്തി ചികിത്സയ്ക്കുള്ള രോഗികൾക്ക് സേവനങ്ങൾ യഥാസമയവും വേഗത്തിലും നൽകുന്നതിനുള്ള ഡ്യൂട്ടി ഡോക്ടർമാരുടെ സമയാസമയങ്ങളിലുള്ള നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക, സാഹചര്യങ്ങൾക്കനുസരണം ഡ്യൂട്ടി ഡോക്ടർമാരുടെ ജീവൻ രക്ഷാ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ജോലി ചെയ്യാൻ തയ്യാറാവുന്ന സേവന സന്നദ്ധരായ ജീവനക്കാരെ അതിൽ നിന്നും പിന്തിരിപ്പിക്കുക, ഷിഫ്റ്റ് ഡ്യൂട്ടി സമയം കഴിഞ്ഞാൽ ഉടൻ തന്നെ പകരം ആൾ എത്തി ഡ്യൂട്ടി കൈമാറുന്നതിന് മുൻപ് ജോലി സ്ഥലംവിട്ട് പോകുക, കിടപ്പുരോഗികളെ തന്റെയടുത്തേയ്ക്ക് വിളിച്ചു വരുത്തി മരുന്നു നൽകുക, റൗണ്ട്സിനും ,അത്യാഹിത വിഭാഗത്തിലും സേവനത്തിന് വരുന്ന മെഡിക്കലോഫീസർക്കൊപ്പം യഥാസമയം ഡ്യൂട്ടി ചെയ്യാതിരിക്കുക, ഡോക്ടർ കുറിക്കുന്ന മരുന്നുകൾ രോഗികൾക്ക് നൽകാതിരിക്കുക, മെഡിക്കൽ ഓഫീസർ ചികിത്സയുടെ ഭാഗമായി കേസ് ഷീറ്റിൽ എഴുതുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ കഴിയില്ലായെന്ന് രോഗികളുടെ മുന്നിൽ വച്ച് തന്നെ മെഡിക്കലോഫീസറോട് പരസ്യമായി ഉച്ചത്തിൽ പറയുകയും അതുവഴി രോഗികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും ചെയ്യുക മുതലായവയാണ് ഇ.എസ്.ഐ പദ്ധതിയുടേയും, സർക്കാരിന്റേയും, വകുപ്പിന്റേയും പ്രഖ്യാപിത നയങ്ങൾക്ക് വിരുദ്ധമായി ചെയ്തിരിക്കുന്ന ചില പ്രവർത്തികൾ . ടി പ്രവർത്തികളിലൂടെ പൊതുതാല്പര്യത്തിന് വിരുദ്ധമായതും സർക്കാർ ജീവനക്കാരുടെ

പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമായതുമായ ഗുരുതര അച്ചടക്കലംഘനങ്ങൾ നടത്തി.

കറ്റപത്രത്തിന് ശ്രീമതി റിജ പി ജെ യഥാസമയം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. ടി പ്രതിവാദ പത്രികയിലൂടെ ടി ജീവനക്കാരി കുറ്റങ്ങളെല്ലാം നിഷേധിച്ച സാഹചര്യത്തിൽ KCS (C.C & A) Rules 1960 , Rule 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും അന്വേഷണ ഉദ്യോഗസ്ഥനായി ഉത്തര മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സുധീർകുമാർ പി കെ യെ സൂചന(5) പ്രകാരം നിയമിക്കുകയും ,മേൽസൂചന (6) അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. അന്വേഷണ റിപ്പോർട്ടിൽ ടി ജീവനക്കാരിക്കെതിരെ ചുമത്തിയിരുന്ന ആറ് കുറ്റങ്ങളിൽ സ്ഥാപനത്തെയും ജീവനക്കാരെയും സംബന്ധിച്ച് വ്യാജപ്പേരിൽ കത്തുകൾ എഴുതിയെന്ന മേൽ അഞ്ചാം നമ്പർ കുറ്റമൊഴികെ ബാക്കി അഞ്ചു കുറ്റങ്ങളും ടി ജീവനക്കാരി ചെയ്തതായും, ശ്രീമതി റിജയെ ഒളരിക്കര ആശുപത്രിയിൽ തുടരാൻ അനുവദിക്കുന്നത് ടി ആശുപത്രിയുടെ സുഗമവും സമാധാനപരവുമായ പ്രവർത്തനത്തിന് തടസം വരുമെന്ന് അനുമാനിക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ വിധേയമായി സ്ഥലം മാറ്റി നിയമിച്ച ശ്രീമതി റിജ നിലവിൽ ആലപ്പുഴ ഇ ഇ എസ് ഐ ആശുപത്രിയിലാണ് ജോലി ചെയ്തു വരുന്നത് എന്നതിനാൽ ടി ജീവനക്കാരിയെ ഒളരിക്കര ആശുപത്രിയിൽ തുടരാൻ അനുവദിക്കുന്നത് ഉചിതമല്ല എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ നടപ്പാക്കിയതായി കണക്കാക്കാവുന്നതാണ്. മെഡിക്കൽ ഓഫീസർമാർ നൽകുന്ന ജോലി സംബന്ധമായ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക, കാഷ്വാൽറ്റി ഡ്യൂട്ടി സമയം ഡ്യൂട്ടി മെഡിക്കൽ ഓഫീസർമാരുടെ അടിയന്തിര നിർദ്ദേശങ്ങളായ രോഗികളുടെ ബി.പി പരിശോധിക്കുക, വൈറ്റൽസ് രേഖപ്പെടുത്തുക മുതലായ പാലിക്കാതിരിക്കുക, നൈറ്റ് ഡ്യൂട്ടി സമയം ചുമതലകൾ നിർവ്വഹിക്കുന്നതിന് സേവന സന്നദ്ധയായി നേഴ്സിംഗ് സ്റ്റേഷനിൽ ഉണ്ടായിരിക്കേണ്ടതിന് പകരം, നേഴ്സിംഗ് സൂപ്രണ്ടിന്റെ റൂം, ലേബർ റൂം, യൂണിഫോം ചെയ്ഞ്ചിംഗ് റൂം എന്നിവിടങ്ങളിൽ ഉറങ്ങുക, ഹാജർപുസ്തകത്തിൽ ഒപ്പിട്ട് ഡ്യൂട്ടിയിൽ പ്രവേശിച്ചതിന് ശേഷം അനുമതിയില്ലാതെ താമസസ്ഥലത്തേയ്ക്കും, സ്ഥാപനത്തിന് പുറത്തേയ്ക്കും പോവുക, കോവിഡ് പ്രോട്ടോക്കോൾ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക മുതലായടി ജീവനക്കാരി ക്കെതിരെ ചുമത്തിയിരുന്ന ആറിൽ അഞ്ചു കുറ്റങ്ങളും ശ്രീമതി റിജ പി ജെ ചെയ്തതായും അത് വഴി പൊതു താൽപ്പര്യത്തിന് വിരുദ്ധമായി ടി ജീവനക്കാരി പ്രവർത്തിക്കുകയും ചെയ്തതായി അന്വേഷണത്തിൽ തെളിഞ്ഞിരുന്നു. ടി സാഹചര്യത്തിൽ ശ്രീമതി റിജക്ക് കഠിന ശിക്ഷ നൽകാതിരിക്കുന്നത് മറ്റ് ജീവനക്കാർക്ക് കുറ്റങ്ങൾ ചെയ്യുന്നതിന് പ്രചോദനമാകും എന്നതിനാൽ ശ്രീമതി റിജയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തിൽ തടയുന്ന ശിക്ഷ നല്കാൻ താൽക്കാലികമായി തീരുമാനിക്കുകയും ടി വിവരം മേൽസൂചന (7) കാരണം കാണിക്കൽ നോട്ടീസ് പ്രകാരം ടി ജീവനക്കാരിയെ അറിയിക്കുകയും ചെയ്തിരുന്നു.ടി നോട്ടീസിന് ശ്രീമതി റിജ 04/01/2024 തീയതി സമർപ്പിച്ച മറുപടിയിൽ, പ്രതിവാദ പത്രികയിലൂടെയും അന്വേഷണ സമയത്തും പറഞ്ഞ വിവരങ്ങളിൽ നിന്നും വ്യത്യസ്തമായി ടി ജീവനക്കാരി കുറ്റം ചെയ്തിട്ടില്ല എന്ന് തെളിയിക്കാൻ ഉതകുന്ന യാതൊരു പുതിയ വസ്തുതകളും ഉൾപ്പെട്ടിരുന്നില്ല.

മേൽ സാഹചര്യത്തിൽ ഒളരിക്കര ഇ എസ് ഐ ആശുപത്രിയിലെ നേഴ്സിങ് ഓഫീസർ ഗ്രേഡ് I

/729178/2024

ആയിരുന്ന (നിലവിൽ ആലപ്പുഴ ഇ എസ് ഐ ആശുപത്രിയിൽ) ശ്രീമതി റീജ പി ജെ യുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞു ശിക്ഷ നൽകാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടി ജീവനക്കാരിയ്ക്കെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

Signed by
Joan Karen Meyn
Date: 15-03-2024 11:44:44
Dr.Joan Karen Meyn

ഡയറക്ടർ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്(i/c)

<u>സ്വീകർത്താവ്</u>

ശ്രീമതി.റിജ.പി.ജെ

നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 ,

ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ (സൂപ്രണ്ട് മുഖാന്തിരം)

<u>പകർപ്പ്</u>

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്,

   മദ്ധ്യ മേഖല, എറണാകുളം

2. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി,ഒളരിക്കര/ആലപ്പുഴ

   (ശ്രീമതി.റിജ.പി.ജെയുടെ കൈപ്പറ്റ് രസീത് തിരികേ ലഭ്യമാക്കേണ്ടതാണ്)

3. ഇ5 സെക്ഷൻ.

4. ഫയൽ/സ്റ്റോക്ക് ഫയൽ.